# 8

# ക്രിസ്തുവിന്റെ സമ്പൂർണ്ണതയെ കുറിച്ചുള്ള പൗലൊസിന്റെ ചിത്രം, 1

## കൊലൊസ്യർ 2:8, 9

തന്റെ ലേഖനത്തിൽ ആദ്യം കൊലൊസ്യരെ വന്ദനം ചെയ്തശേഷം, യേശുവിന്റെ മാഹാത്മ്യത്തെ കുറിച്ചും, അവർക്ക് അവനിൽനിന്നും ലഭിക്കുന്ന ആത്മിയ ശുദ്ധീകരണത്തെ കുറിച്ചും പറഞ്ഞു. അവരുടെ ഗുണത്തിനായി അവൻ യേശുവിനു വേണ്ടി ചെയ്യുന്ന തന്റെ വ്യക്തിപരമായ ശുശ്രൂഷയെ കുറിച്ചും പറഞ്ഞു. ക്രിസ്തുവിലാണ് സകല പരിജ്ഞാനവും വിവേകവും ഉള്ളത് എന്നതിനാൽ, മറ്റു ഉപദേഷ്ടാക്കന്മാരെ പിൻപറ്റരുത് എന്ന് അവൻ മുന്നറിയിച്ചിരുന്നു.

ക്രിസ്തീയ ജീവിതം പണിയേണ്ടതിനുള്ള പശ്ചാത്തലം എല്ലാം ഒരുക്കിയ ശേഷം, പൗലൊസ് യേശുവിന്റെ പ്രാധാന്യത്തെ ഊന്നി പറഞ്ഞിരിക്കുകയാണ്. കൊലൊസ്യർ അവനിൽ പൂർണ്ണരായിരിക്കുകയാണ്, കാരണം അവൻ മുഖാന്തരം അവരുടെ മുൻകഴിഞ്ഞ പാപങ്ങളെല്ലാം ക്ഷമിച്ചിരിക്കുകയാണ്. അവർ മുൻപ് ആത്മിയമായി മരിച്ചവരായിരുന്നുവെങ്കിലും, യേശുവിന്റെ അടക്കത്തിലും ഉയർപ്പിലും പങ്കാളികളാകുവാൻ സ്നാനമേറ്റതിനാൽ, ജീവിക്കുന്നവരായി തീർന്നു. അവരുടെ പുതിയ ജീവിതത്തെ യേശു വാഴുവാൻ തുടങ്ങി; അതിന്ന് അവർ അവന്നു കീഴ്പ്പെടേണ്ടിയിരുന്നു. അവർക്ക് ശത്രുത്വമായിരുന്ന ന്യായപ്രമാണത്തെ അവൻ നീക്കി അവരുടെ അതിക്രമങ്ങൾ അവരോട് ക്ഷമിക്കുകയും ചെയ്തു. ഇനി അവർ ന്യായപ്രമാണ ചട്ടങ്ങൾ അനുസരിക്കേണ്ടതില്ല, കാരണം അത് നീക്കം ചെയ്തു മായ്ച്ചുകളഞ്ഞു; കൂടാതെ അവരുടെ ആത്മിയ വളർച്ചക്ക് നൽകുവാൻ ഒന്നുമില്ലാത്ത ലോക തത്വങ്ങൾക്കും അവർ കീഴ്പ്പെടരുതെന്നും മുന്നറിയിച്ചു.

### മാനുഷ ഉപദേശങ്ങളാൽ കവർന്നു കളയാതിരിപ്പാൻ ഒരു മുന്നറിയിപ്പ് (2:8)

**8 തത്വജ്ഞാനവും വെറും വഞ്ചനയും കൊണ്ട് ആരും നിങ്ങളെ കവർന്നു കളയാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ; അത് മനുഷ്യരുടെ സമ്പ്രദായത്തിന്ന് ഒത്തവണ്ണം, ലോകത്തിന്റെ ആദ്യപാഠങ്ങൾക്ക് ഒത്തവണ്ണം അല്ലാതെ ക്രിസ്തുവിന്നു ഒത്തവണ്ണമുള്ളതല്ല.**

**"തത്വജ്ഞാനത്താൽ ആരും നിങ്ങളെ**
**കവർന്നുകളയാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ" (2:8)**

വാക്യം 7 ൽ, കൊലൊസ്യർ യേശു എന്ന ശക്തമായ അടിസ്ഥാനത്തിന്മേൽ അവരുടെ ജീവിതം പണിയണം എന്നു പറഞ്ഞശേഷം, മറ്റു ഉപദേശങ്ങളാൽ ആരും അവരെ കവർന്നു കളയാതിരിപ്പാൻ അവൻ മുന്നറിയിക്കുകയും ചെയ്തു. **സൂക്ഷിച്ചുകൊൾവിൻ** എന്നെഴുതി, ... (*ബ്ലെപെറ്റെ*, അക്ഷരികമായി, "നോക്കുക" എന്നാണ്),[1] പൗലൊസ് അവിടെ ഒരു മുന്നറിയിപ്പ് കൊടി ഉയർത്തുകയായിരുന്നു. ആകർഷണിയമായ ഉപദേശങ്ങളാൽ ആളുകളെ കവർന്നെടുക്കുന്ന അപകടം യാഥാർത്ഥ്യമായിരുന്നു.

**ആരും** എന്നതിന് ഉപയോഗിച്ച ഗ്രീക്ക് വാക്ക് *മെ റ്റിസ്* എന്നാണ്, അത് സാധാരണ പേർ പറയാത്ത ആളെയോ ആളുകളെയോ ആണ് സൂചിപ്പിക്കുന്നത്. പലപ്പോഴും, കെജെവിയിൽ തർജിമ ചെയ്തിരിക്കുന്നത് "ചിലർ" എന്നാണ് (ഉദാഹരണത്തിന് മത്താ. 9:3). ഒരുപക്ഷെ കൊലൊസ്യ സമൂഹത്തിൽ ലോകജ്ഞാനം ഉപദേശിച്ച് ഇടവകയിലെ അംഗങ്ങളെ വശീകരിക്കുന്നതായി പൗലൊസ് അറിയുകയോ അല്ലെങ്കിൽ അവനു വെളിപ്പാടുണ്ടാകുകയോ ചെയ്തിരിക്കാം.

**കവർന്നു** കളയുക (*സുലാഗോജെയെയോ*) അർത്ഥം ഒരു തടവുകാരനായി പിടിച്ചുകൊണ്ടുപോകുക എന്നാണ്. പുതിയനിയമത്തിൽ ഈ ഗ്രീക്ക് വാക്ക് ഇവിടെ മാത്രമാണുള്ളത്. പ്രാഥമികമായ അർത്ഥം, "പൂർണ്ണമായും നിയന്ത്രിക്കുക, അടിമയാക്കുക, കവർന്നെടുക്കുക ... ശരിയായ സത്യത്തിൽ [നിന്ന്] ഒരാളെ തെറ്റിന്റെ അടിമയാക്കുവാൻ കൊണ്ടുപോകുക എന്നർത്ഥം"[2] ആ വാക്കിനെ കുറിച്ച് ഏ. ടി. റോബർട്ട്സൺ പറഞ്ഞു, "ആ ക്രിയ വളരെ അപൂർവ്വമായ ഒന്നാണ്, ഇവിടെയും, പിന്നീടുള്ള എഴുത്തുകളിലുമാണുള്ളത്. ഒരാളുടെ മകളെ എടുത്തുകൊണ്ട് (പിടിച്ചുകൊണ്ടുപോകുക) പോകുന്നതായിട്ടാണ് ആ വാക്ക് ഹെലിയോഡോറസ് ചിത്രീകരിച്ചത്; അരിസ്റ്റെനേറ്റസ് അതിനെ ഒരു വീട് കവർച്ച ചെയ്യുനതുപോലെ പറഞ്ഞിരിക്കുന്നു; നൈസെറ്ററസ് പറഞ്ഞത്, ഒരു വേലക്കാരിയെ വഴിതെറ്റിക്കുന്നതുപോലെ എന്നാണ്."[3]

ഇരുട്ടിന്റെ അധികാരത്തിൽനിന്നും ശക്തിയിൽനിന്നും പുറത്തു വന്നവരായിരുന്നു കൊലൊസ്യർ (1:13), അത് പാപത്തിന്റെ ഇരുട്ടിൽനിന്നുള്ള വിടുതലാണ്. വീണ്ടും അവരെ അടിമത്വത്തിലേക്ക് കൊണ്ടുപോകുവാൻ അനുവദിക്കരുതെന്നാണ് പൗലൊസ് പറഞ്ഞത്. അവർ അവരുടെ പഴയ വഴിയിലേക്ക് തിരിച്ചുപോകുവാൻ പൗലൊസ് ആഗ്രഹിച്ചിരുന്നില്ല, അല്ലെങ്കിൽ പുതിയ ഉപദേശത്തിന്റെ തെറ്റിലേക്ക് അവർ പോകുവാനും അവൻ ആഗ്രഹിച്ചില്ല. അവരെ യേശുവിൽ നിന്നു വഴി തെറ്റിക്കുന്ന ദുരുപദേഷ്ടാക്കളെ സൂക്ഷിച്ചു കൊള്ളണെമെന്നാണ് പൗലൊസ് മുന്നറിയിച്ചത്.

**തത്വജ്ഞാനത്തിന്** എതിരെയും പൗലൊസ് മുന്നറിയിച്ചു (*ഫിലോസോഫിയാ*), "ജ്ഞാനത്തെ സ്നേഹിക്കൽ", ഈ ഗ്രീക്ക് വാക്ക് പുതിയനിയമത്തിൽ ഇവിടെ മാത്രമാണുള്ളത്. തത്വജ്ഞാനം എല്ലായ്പോഴും തെറ്റാണെന്നല്ല പൗലൊസ് പറഞ്ഞത്. ഗ്രീക്കുകാർക്കിടയിൽ, ആ വാക്ക് പറയുന്നത് മനുഷ്യന്റെ ഏറ്റവും മികച്ച ബുദ്ധിയാൽ പരിശ്രമിച്ച് കണ്ടെത്തുന്ന സത്യം, സ്നേഹം നിമിത്തം ജ്ഞാനം സമ്പാദിക്കുക എന്നാണ്. ആദ്യം അത് ഉപയോഗിച്ചിരുന്നത് മഹത്തായ അർത്ഥത്തിലായിരുന്നു. ബുദ്ധിജീവി ആണെന്നു സ്വയം പറയുന്നതിനു പകരം, പൂർണ്ണമായ ജ്ഞാനത്തിലെത്തുക. ഗ്രീക്കുകാർ അവരെ

ജ്ഞാനപ്രിയർ എന്നാണ് വിളിച്ചിരുന്നത്.

പൗലൊസ് എല്ലാ തത്വജ്ഞാനത്തെയും കുറ്റപ്പെടുത്തുകയായിരുന്നില്ല എന്ന് പ്രാരംഭ എഴുത്തുകാരനായിരുന്ന അലെക്സാണ്ഡ്രിക്കാരനായ ക്ലെമെന്റ് പറഞ്ഞിരിക്കുന്നു.[4] വാസ്തവത്തിലുള്ള തത്വജ്ഞാനത്തെ ഫിലോ എന്ന എഴുത്തുകാരൻ പ്രശംസിച്ചിരുന്നു, എന്നാൽ അവരുടെ പ്രസംഗ ചാതുര്യത്താൽ സത്യത്തെ കോട്ടിക്കളയുന്നതിനെ അയാൾ ഖണ്ഡിച്ചിരുന്നു.[5]

തിമൊഥെയൊസിനു എഴുതുമ്പോൾ, പൗലൊസ് മുന്നറിയിച്ചു, "ജ്ഞാനം എന്നു വ്യാജമായ പേർ പറയുന്നതിന്റെ ഭക്തിവിരുദ്ധമായ വൃഥാലാപങ്ങളെയും തർക്കസൂത്രങ്ങളെയും ഒഴിഞ്ഞു നിൽക്ക" (1 തിമൊ. 6:20). മനുഷ്യ ജ്ഞാനത്തിനു പകരം ക്രിസ്തുവിന്റെ ജ്ഞാനത്തെ മുറുകെ പിടിക്കുവാനാണ് അവൻ കൊലൊസ്യരെ പ്രബോധിപ്പിച്ചത്. അവൻ തത്വജ്ഞാനത്തെ പൊതുവായി എതിർക്കുകയായിരുന്നില്ല, മറിച്ച് ക്രിസ്തുവിന്റെ ഉപദേശത്തിനെതിരായ തത്വജ്ഞാനത്തെയാണ് തെറ്റ് എന്നു പറഞ്ഞത്. അന്നു നിലവിലുണ്ടായിരുന്ന അന്യദേവന്മാരെ നമസ്ക്കരിച്ചവർക്കിടയിലും, യെഹൂദ പാഠശാലകളിലും പഠിപ്പിച്ചിരുന്ന മിക്ക തത്വജ്ഞാനങ്ങളും ക്രിസ്തുവിന്റെ ഉപദേശത്തിനു വിരുദ്ധമായ സിദ്ധാന്തങ്ങളായിരുന്നു. വിശ്വാസത്തെ നശിപ്പിക്കുന്നവയായിരുന്നു തത്വജ്ഞാനികളുടെ സിദ്ധാന്തങ്ങളെല്ലാം.

എപ്പിക്കൂരിയന്റേയും സ്തോയിക്കിന്റേയും ''തത്വജ്ഞാനങ്ങൾ'' പൗലൊസിന് ചന്തസ്ഥലത്തുവെച്ചും, അഥേനയിലെ അരയോപകകുന്നിന്മേൽ വെച്ചും നേരിടേണ്ടതായി വന്നിട്ടുണ്ട് (പ്രവൃ. 17:18, 19). ആ മനുഷ്യർ ദൈവിക വെളിപ്പാടിനു പകരം മാനുഷ ജ്ഞാനത്തിന്റെ അടിസ്ഥാനത്തിലായിരുന്നു ചിന്തിച്ചിരുന്നത്.

### "വെറും വഞ്ചന" (2:8)

''തത്വജ്ഞാനം'' ഇവിടെ **വെറും വഞ്ചനയുമായി**[6] (*കെനീപെയിറ്റ്*) അടുത്ത് ബന്ധപ്പെട്ടിരിക്കുകയാണ്, ഗ്രീക്കിൽ, *ഫിലെസോഫിയയും അപാറ്റെയും* വരുന്നതിന് മുൻപ് ഒരു ആർട്ടിക്കിളാണുള്ളത്. രണ്ടിനു മുൻപും പ്രിപൊസിഷൻ വരുന്നില്ല. ആ പ്രയോഗത്തെ തർജിമ ചെയ്യാവുന്നത്, "സാങ്കൽപികമായ തത്വജ്ഞാനം മനുഷ്യകണ്ടുപിടിത്തമാണ്", അല്ലെങ്കിൽ, "തത്വജ്ഞാനം എന്നു പറയുന്നത് വെറും വഞ്ചനയാണ്" എന്നത്രെ.

മാനുഷ വിവേചനത്താൽ, വിലയില്ലാത്ത ഊഹാപോഹങ്ങളാൽ ബുദ്ധിപരമായി ആളുകളെ വഞ്ചിക്കുന്നതിനെയാണ് പൗലൊസ് കുറ്റപ്പെടുത്തിയത്. അത്തരം തത്വജ്ഞാനം, സത്യത്തെയും, ആന്തരികശക്തിയെയും, പ്രത്യാശയെയും, ആത്മിയ ജീവിതത്തെയും ഇല്ലാതാക്കുന്നതിനും മാത്രമെ സഹായിക്കുകയുള്ളു. ശൂന്യതയും നാശവുമാണ് അത് പുറപ്പെടുവിക്കുന്നത് എന്നതിനാലാണ് അത് വെറും വഞ്ചന എന്നു പറയുവാൻ കാരണം. വാസ്തവത്തിലുള്ള പരിജ്ഞാനത്തിൽനിന്നും, ക്രിസ്തുവിലുള്ള ജീവിതത്തിൽനിന്നും സഹോദരന്മാർ വിട്ടു മാറാതിരിക്കുവാനായിരുന്നു പൗലൊസിന്റെ മുന്നറിയിപ്പ്.

ദൈവികമായ വെളിപ്പാടിന്റെ അടിസ്ഥാനത്തിലല്ല, മറിച്ച് മനുഷ്യരുടെ വിവേചനത്തിൽ ആശ്രയിച്ചുകൊണ്ടാണ് തത്വജ്ഞാനികൾ, ജ്ഞാനത്തെ അന്വേഷിക്കുന്നത്. അത്തരം സമീപനത്തിലുള്ള പ്രശ്നത്തെ പൗലൊസ് വിശദമാക്കി, "ദൈവത്തിന്റെ ജ്ഞാനത്തിൽ ലോകം ജ്ഞാനത്താൽ ദൈവത്തെ അറിയായ്കകൊണ്ട് വിശ്വസിക്കുന്നവരെ പ്രസംഗത്തിന്റെ ഭോഷത്വ

ത്താൽ രക്ഷിപ്പാൻ ദൈവത്തിന് പ്രസാദം തോന്നി" (1 കൊ. 1:21). സത്യത്തെ വ്യാജമാക്കിയാണ് ദുരുപദേഷ്ടാക്കന്മാർ ആളുകളെ തെറ്റിക്കുന്നത്. തെറ്റിൽ സാധാരണ ആളുകളെ ആകർഷിക്കുന്നതിന് ആവശ്യമായ സത്യം ഉണ്ടായിരിക്കുകയും, അതിലെ തെറ്റിനെ മൂടിവെക്കുകയും ചെയ്യും. ചില ദുരുപദേശങ്ങളിൽ ആളുകളെ അപകടകരമായി നശിപ്പിക്കുന്നതിനാവശ്യമായ തെറ്റ് ഉൾപ്പെട്ടിരിക്കുകയും ചെയ്യും.

യേശു അപ്പൊസ്തലന്മാർക്ക് സത്യം നൽകി (യോഹ. 1:17), പിന്നീട് അപ്പൊസ്തലന്മാരെ പരിശുദ്ധാത്മാവ് സകല സത്യത്തിലും വഴി നടത്തി (യോഹ. 16:13). തത്വജ്ഞാനത്തിൽകൂടെ യേശുവിന്റെ ഉപദേശത്ത കാണുന്നതിനുപകരം, ക്രിസ്ത്യാനികൾ ബഹുമാനത്തോടുകൂടെ, താഴ്മയോടെ വചനം മുഖാന്തരമാണ് അത് കാണേണ്ടത്. നാം ദൈവത്തിന്റെ സന്ദേശം മനസിലാക്കി, ദുരഭിമാനത്തിൽനിന്നു മുക്തരാകണം. ദൈവവചനത്തെ ആളുകൾ എങ്ങനെ കാണുന്നു എന്നു വായിക്കുവാൻ ശ്രമിക്കാതെ, നാം അന്വേഷിക്കേണ്ടത് ദൈവത്തിന്റെ ജ്ഞാനമാണ്.

### "മനുഷ്യരുടെ സമ്പ്രദായപ്രകാരം" (2:8)

**സമ്പ്രദായം** (*പാരാഡോസിസ്*) എന്നാൽ "കൈമാറി കിട്ടിയത്" എന്നാണർത്ഥം, അതായത് ഉപദേശങ്ങളും പരിശീലനങ്ങളും. എവിടെനിന്നു കൈമാറി ലഭിച്ചു എന്നതിന്റെ അടിസ്ഥാനത്തിൽ സമ്പ്രദായം നല്ലതോ അല്ലെങ്കിൽ മോശമോ ആയിരിക്കാം. ദൈവശ്വാസിയതയാൽ, ദൈവത്തിൽനിന്നു കൈമാറി ലഭിച്ചതാണെങ്കിൽ അത് നല്ലതാണ്; എങ്ങനെയായാലും, ഒരു മനുഷ്യനിൽനിന്നാണെങ്കിൽ അത് മോശമാണ്. ദൈവത്തിന്റെ ഉപദേശത്തിനു വിരുദ്ധമായവയെല്ലാം തള്ളിക്കളയണം.

1 കൊരിന്ത്യർ 11:2 ൽ, താൻ അവർക്ക് നൽകിയ സമ്പ്രദായം സൂക്ഷിച്ചതിനാലായിരുന്നു കൊരിന്ത്യരെ പൗലൊസ് അഭിനന്ദിച്ചത്. "ഞങ്ങളോട് പ്രാപിച്ച പ്രമാണം വിട്ട് ക്രമം കെട്ടു നടക്കുന്ന ഏത് സഹോദരനോടും അകന്നു കൊള്ളേണം" എന്നാണ് പൗലൊസ് തെസ്സലൊനിക്യരെ ഉപദേശിച്ചത് (2 തെസ്സ. 3:6), താൻ പഠിപ്പിച്ചുകൊടുത്ത ഉപദേശങ്ങളെ മുറുകെ പിടിച്ചുകൊൾവാനും അവരെ പ്രബോധിപ്പിച്ചിരുന്നു (2 തെസ്സ. 2:15). അവ നല്ല സമ്പ്രദായങ്ങളായിരുന്നു കാരണം ദൈവത്തിൽനിന്നു ലഭിച്ചതാണ്.

ദൈവത്തിന്റെ സമ്പ്രദായത്തിനു വിരുദ്ധമായ, യെഹൂദന്മാരുടേയും, അന്യദേവന്മാരെ നമസ്ക്കരിക്കുന്നവരുടേയും, മറ്റേതൊരു മനുഷ്യ സമ്പ്രദായങ്ങളെയും നാം തള്ളിക്കളയണം. യെഹൂദ മൂപ്പന്മാരുടെ സമ്പ്രദായങ്ങളെ പ്രമാണിക്കാഞ്ഞതിന് അവർ യേശുവിനെ കുറ്റപ്പെടുത്തിയിരുന്നു. തിരിച്ച് അവൻ അവരോട് പറഞ്ഞത്, അവർ അവരുടെ പാരമ്പര്യത്താൽ ദൈവവചനത്തെ ദുർബ്ബലമാക്കുകയും നിഷ്ഫലമാക്കുകയും ചെയ്യുന്നു എന്നാണ് (മത്താ. 15:2–6; മർ. 7:3–13). ആരാധനയിൽ മാനുഷ കൽപന വ്യർത്ഥമത്രെ (മർ. 7:7). യെഹൂദ പാരമ്പര്യം പ്രമാണിക്കുന്നതിൽ പൗലൊസ് എരിവുള്ളവനായിരുന്നു (ഗലാ. 1:14). റോമാ ലോകത്തിൽ പ്രത്യേകിച്ച് പൂർവ്വദേശത്തുണ്ടായിരുന്ന പിതൃപാരമ്പര്യത്തെ കുറിച്ച് പത്രൊസ് പറഞ്ഞിരിക്കുന്നു (1 പത്രൊ. 1:1, 18). ആ പാരമ്പര്യങ്ങൾ ആളുകളെ ദൈവത്തോട് നിരപ്പിക്കുവാൻ സഹായിക്കുന്നതല്ല.

മനുഷ്യ സമ്പ്രദായങ്ങളാൽ, ക്രിസ്തുവിലുള്ള വിശ്വാസത്തിൽനിന്നു കൊലൊസ്യരെ അകറ്റാതിരിപ്പാനാണ് പൗലൊസ് അവരെ മുന്നറിയിച്ചത്.

യേശു ശിഷ്യന്മാരോട് പറഞ്ഞത്, താൻ കൽപിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം എല്ലാവരേയും ശിഷ്യരാക്കി കൊൾവിൻ എന്നാണ് (മത്താ. 28:20). മറിച്ചുള്ള ഉപദേശങ്ങളും കൽപനകളും ക്രിസ്തുവിൽനിന്നുള്ളതല്ല, മനുഷ്യരിൽനിന്നുള്ളതാണ്. അത്തരം കൽപനകളെ ത്യജിക്കണം (തിത്തൊ. 1:14).

മഹാപുരോഹിതന്മാരും പരീശന്മാരും യേശുവിനോട് ഒരു പ്രധാനപ്പെട്ട ചോദ്യം ചോദിച്ചു: “നീ എന്ത് അധികാരം കൊണ്ട് ഇതു ചെയ്യുന്നു? ഈ അധികാരം നിനക്ക് തന്നത് ആർ?” (മത്താ. 21:23). അതിനു പ്രതികരണമായി യേശു അവരോട് ഒരു ചോദ്യം ചോദിച്ചു, യോഹന്നാന്റെ സ്നാനം “മനുഷ്യരിൽനിന്നോ സ്വർഗത്തിൽനിന്നോ?” (മത്താ. 21:25). ഒരു പരിശീലനത്തെ സംബന്ധിച്ച് യേശുവിന്റെ ഇഷ്ടം അറിയുവാൻ നാം മൂന്നു ചോദ്യങ്ങൾ ചോദിക്കണം: “എന്ത് അധികാരത്താലാണ് നാം ഇതു ചെയ്യുന്നത്?”; “ഈ പരിശീലനത്തെ ആരാണ് അധികാരപ്പെടുത്തിയത്?”; “അത് മനുഷ്യരിൽനിന്നോ, അതോ സ്വർഗത്തിൽനിന്നോ?”

യേശുവിന്റെ ഉപദേശം നിയന്ത്രിക്കപ്പെട്ടിരിക്കയാണ്; മതപരമായ പരിശീലനങ്ങൾ അവന്റെ കൽപനകളിൽ പരിമിതപ്പെടുത്തിയിരിക്കുകയാണ്. മനുഷ്യരാൽ ആരംഭിച്ചതായ പാരമ്പര്യങ്ങൾക്കു പകരം, ക്രിസ്ത്യാനികൾ പരിശീലിക്കേണ്ടത് ക്രിസ്തുവിന്റെ കൽപനകളാണ്, അല്ലാതെ മറ്റു ഉപദേശങ്ങളല്ല (1 തിമൊ. 1:3; 6:3, 4). വേറൊരു സുവിശേഷം പ്രസംഗിക്കുന്നവർ ശപിക്കപ്പെട്ടവരാണ് (ഗലാ. 1:7, 8). യേശു ഒരു തിരഞ്ഞെടുപ്പ് വെച്ചിരിക്കുമ്പോൾ, ക്രിസ്ത്യാനികൾ അതിനെ ബഹുമാനിക്കണം. യേശു തിരഞ്ഞെടുക്കുവാൻ പ്രത്യേകമായി പറയാത്ത മേഖലകളിൽ മാത്രം നമുക്ക് സ്വാതന്ത്ര്യമുണ്ട്.

### “ലോകത്തിന്റെ ആദ്യപാഠങ്ങളനുസരിച്ച്” (2:8)

**ലോകത്തിന്റെ ആദ്യപാഠങ്ങളെ** (*സ്റ്റോയികെയിയാ ടൗ കോസ്മൗ*) കുറിച്ചും പൗലൊസ് ശക്തമായ മുന്നറിയിപ്പ് നൽകിയിരിക്കുന്നു, അതായത്, ലോകത്തിൽനിന്ന് അ-ക്രൈസ്തവരായ ആളുകൾ രൂപപ്പെടുത്തിയ പാഠങ്ങൾ. ഈ പ്രയോഗത്തെ സംബന്ധിച്ച് ചില വിവാദങ്ങൾ ഉയർന്നിട്ടുണ്ട്, അത് വാക്യം 20 ലേയും, ഗലാത്യർ 4:3, 9 ലേതും പോലെയാണ്. “ആദ്യ പാഠങ്ങൾ” എന്നത് ഗ്രീക്കിൽ ഒരു വാക്കാണ്, നാമം ആയ *സ്റ്റോയികെയിയാ.* മറ്റു പുതിയനിയമ വേദഭാഗങ്ങളിൽ ആ വാക്ക് രണ്ടു വിധത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്: ക്രിസ്ത്യാനിത്വത്തിലെ പ്രാഥമികമായ ഉപദേശങ്ങൾ (എബ്രാ. 5:12), വസ്തുവിന്റെ മൂലകങ്ങൾ (2 പത്രൊ. 3:10, 12). എന്തിന്റെയും അടിസ്ഥാനപരമായ ഘടകങ്ങൾ എന്നും അർത്ഥമുണ്ട്, ഉദാഹരണമായി, അക്ഷരമാലയിലെ അക്ഷരങ്ങൾ.

“ലോകത്തിന്റെ ആദ്യപാഠങ്ങൾ” എന്ന പ്രയോഗത്തിന്റെ അർത്ഥത്തെ കുറിച്ച് മൂന്നു കാര്യങ്ങൾ മുഖ്യമായി പറഞ്ഞു വരുന്നു. (1) പൗലൊസ് അർത്ഥമാക്കിയത്, പ്രപഞ്ചശക്തികളുടെ മൂലകങ്ങളാണ്, ഉദാഹരണമായി, ഭൂതങ്ങളും ദുരാത്മാക്കളും, അല്ലെങ്കിൽ പ്രപഞ്ചത്തെ നിയന്ത്രിക്കുന്ന ദൂതന്മാർ.[7] (2) മനുഷ്യരുടെ കാര്യങ്ങളെ നിയന്ത്രിക്കുന്ന സ്വർഗിയ സൈന്യം. ഗ്രീക്കുകാർ പറയുന്നത് നിയന്ത്രിക്കുന്ന ആത്മാക്കൾ തീയോടും, വായുവോടും, ഭൂമിയോടും, വെള്ളത്തോടും കൂടെയായിരിക്കും നിയന്ത്രിക്കുന്നത്. പ്രപഞ്ചത്തിലെ ആ നാല് മൂലകങ്ങളെയും, ആത്മാക്കളെ ആരാധിക്കുന്നതോടുകൂടെ നക്ഷത്രങ്ങളെയും ആരാധിക്കും. (3) ജീവന്റെ ഉൽപത്തിയെ കുറിച്ചും, പ്രപഞ്ചം ആരം

ഭിച്ചതിനെ കുറിച്ചും ഉള്ള ലോകത്തിന്റെ കാഴ്ച്ചപ്പാടിനെ കുറിച്ചും ആണ് പൗലൊസ് പറയുന്നത്. (4) ആളുകൾ വളർത്തിയെടുത്ത നിയന്ത്രണങ്ങളും ആദ്യ പാഠങ്ങളും ആത്മിയ ഉൾക്കാഴ്ച്ചയില്ലാത്തതാണെന്നായിരുന്നു പൗലൊസിന്റെ മനസിൽ. യെഹൂദന്മാരും ജാതികളും രൂപപ്പെടുത്തിയ നിയമാവലികളും ചട്ടങ്ങളും അനുസരിച്ചാൽ അനുഗ്രഹിക്കപ്പെടും എന്നായിരുന്നു അവരുടെ വിശ്വാസം.

മുൻപറഞ്ഞ നാല് അർത്ഥങ്ങളിൽ, നാലാമത്തേത് ഏറ്റവും അഭിനന്ദിക്കത്തക്കതാണ്. ദൈവത്തിന്റെ വെളിപ്പാടിനു പകരം ലോകജ്ഞാനത്തിൽനിന്നുത്ഭവിച്ച അടിസ്ഥാന ഉപദേശങ്ങളെയായിരിക്കാം പൗലൊസ് "ലോകത്തിന്റെ ആദ്യപാഠങ്ങൾ" എന്നതുകൊണ്ട് ഉദ്ദേശിച്ചത് (1 കൊ. 1:20, 21). തൊട്ടു താഴെയുള്ള സന്ദർഭം ആ പ്രയോഗത്തെ വ്യക്തമാക്കാത്തതുകൊണ്ട്, അർത്ഥം പിന്നീട് കൊലൊസ്യർ 2:14, 16, 18, 21–23 ൽ പറയുന്നു. ആ വാക്യങ്ങളിൽ പൗലൊസ് ന്യായപ്രമാണത്തെ കുറിച്ചും, യെഹൂദന്മാർക്കിടയിലെയും, അന്യദേവനെ നമസ്ക്കരിക്കുന്നവർക്കിടയിലെയും സമ്പ്രദായങ്ങളെ കുറിച്ച് പൗലൊസ് വിചാരമുള്ളവനായിരുന്നതായി കാണാം. ന്യായപ്രമാണം പുതിയ നിയമത്തിന്റെ നിഴലായിരുന്നു (ഗലാ. 3:24, 25), പുതിയനിയമമാണ് ജീവിതത്തിനുള്ള ഉയർന്ന ആത്മിയ നിലവാരമുള്ളത്. ജാതികളുടെ ഉൾക്കാഴ്ച്ചക്ക് ലളിതമാക്കിയതാണ് പുതിയ നിയമം എന്ന ക്രിസ്തുവിന്റെ ഉപദേശം. അത് ജീവിതത്തിൽ ഉയർന്ന സമീപനമാണ് ക്രിസ്തുവിന്റെ ഉപദേശത്താൽ ദൈവത്തോടുള്ള വ്യക്തിപരമായ ബന്ധത്തിനു വഴി തുറക്കുന്നത്. ഒരു ക്രിസ്ത്യാനി യെഹൂദാചാരത്തിലേക്കും അന്യദേവനെ നമസ്ക്കരിക്കുന്ന വഴിയിലേക്കും തിരിച്ചു പോകുന്നത്, ഒരാൾ യൂണിവേഴ്സിറ്റിയിലെ പഠനം ഉപേക്ഷിച്ച് പ്രാഥമിക വിദ്യാഭ്യാസത്തിനു പോകുന്നതുപോലെയായിരിക്കും. ക്രിസ്തുവിന്റെ ഉയർന്ന വിദ്യാഭ്യാസോപദേശത്തിന് പകരം, വിദ്യാരഹിതമായ ആത്മിയതയെയും, യുവത്വത്തെയും, വിശദീകരിക്കാത്ത ഉപദേശം എന്നിവ സ്വീകരിക്കുന്നതിനെതിരെയാണ് പൗലൊസ് മുന്നറിയിച്ചത്.

### "ക്രിസ്തുവിന്ന് ഒത്തവണ്ണമല്ല" (2:8)

യേശുവിനെ മാത്രം പിൻപറ്റുവാനുള്ള അടിസ്ഥാനമിട്ട് പൗലൊസ് എഴുതി, "അവനിൽ ജ്ഞാനത്തിന്റേയും പരിജ്ഞാനത്തിന്റേയും നിക്ഷേപങ്ങൾ ഒക്കെയും ഗുപ്തമായിരിക്കുന്നു" (2:3). വാക്യം 8 ൽ ആദ്യം നിഷേധം പറഞ്ഞിട്ട്, പിന്നെ ക്രിയാത്മകം പറഞ്ഞിരിക്കുന്നു. മാനുഷ ജ്ഞാനത്തിനും പരിശീലനത്തിനും പകരം യേശുവിനെ അനുസരിക്കുവാനാണ് പൗലൊസ് കൊലൊസ്യരെ പ്രബോധിപ്പിച്ചത്. അവർക്ക് ഒരു തിരഞ്ഞെടുപ്പുണ്ടായിരുന്നു. അവർക്ക് ഒന്നുകിൽ ക്രിസ്തുവിനെ പിൻപറ്റുക, അല്ലെങ്കിൽ തത്വജ്ഞാനവും വെറും വഞ്ചനയുമായ അപകടമായ, ക്രിസ്തുവിന്റേതല്ലാത്ത ഉപദേശങ്ങളെ പിൻപറ്റുക. അവർ അപ്രകാരം ജീവിച്ചാൽ, ക്രിസ്തുവിനോടുള്ള ബന്ധം വിച്ഛേദിക്കുകയും, അവനിൽനിന്നു ലഭിക്കുന്ന അനുഗ്രഹങ്ങളെല്ലാം നിഷേധിക്കുകയുമായിരിക്കും ഫലം. ശരിയായ തിരഞ്ഞെടുപ്പ് ഒന്നുമാത്രമെന്നാണ് പൗലൊസ് ഊന്നി പറഞ്ഞത്–മനുഷ്യന്റെ കണ്ടുപിടിത്തങ്ങളായ ഏതു പരിശീലനത്തെയും തള്ളിക്കളഞ്ഞു ക്രിസ്തുവിനെ പിൻതുടരുവാൻ തീരുമാനിക്കുക. ക്രിസ്തുവിന്റേതല്ലാത്ത ഉപദേശങ്ങളും പരിശീലനങ്ങളും തത്വങ്ങളും പിൻപറ്റുവാൻ ദൈവം ആരെയും അധികാരപ്പെടുത്തിയിട്ടില്ല.

## ദൈവം ക്രിസ്തുവിൽ സാക്ഷാൽക്കരിച്ചു (2:9)

**9അവനിലല്ലോ ദൈവത്തിന്റെ സർവ്വസമ്പൂർണ്ണതയും ദേഹരൂപമായി വസിക്കുന്നത്.**

### "അവനിൽ ദൈവത്തിന്റെ സർവ്വസമ്പൂർണ്ണതയും ദേഹരൂപത്തിൽ വസിക്കുന്നു" (2:9)

1:15-19 ലും 2:3 ലും പരിചയപ്പെടുത്തിയ പ്രസ്താവനകൾ വാക്യം 8 ലും 9 ലും ചേർത്തിരിക്കുന്നു. അവരുടെ ചിന്ത യേശുവിന്റെ ഉപദേശത്തിൽ മാത്രം ഒതുങ്ങിനിൽക്കുവാൻ കൊലൊസ്യർ തിരിച്ചറിയുവാനാണ് പൗലൊസ് ആഗ്രഹിച്ചത്.

"ക്രിസ്തുവിന്ന് ഒത്തവണ്ണമുള്ളതല്ല" എന്ന പ്രയോഗത്തോട് ചേർത്ത് വാക്യം 9 ൽ പൗലൊസ് ഇംഗ്ലീഷിൽ **ഫോർ** എന്നതിനോട് **ദൈവത്തിന്റെ സർവ്വ സമ്പൂർണ്ണതയും** എന്നതു ബന്ധിപ്പിച്ചിരിക്കുന്നു. യേശു ആരാണ് എന്നതിനാലത്രെ, മാനുഷ ഉപദേശങ്ങൾക്കു പകരം യേശുവിന്റെ ഉപദേശങ്ങൾ സ്വീകരിക്കുവാൻ പറഞ്ഞത്. അവൻ ദൈവവും ദൈവത്തിന്റെ സ്വഭാവങ്ങളെല്ലാം ഉള്ളവനുമാണെങ്കിൽ, അവന്റെ ഉപദേശങ്ങളെല്ലാം സത്യവും ആധികാരികവുമാണ്. ദൈവത്തിനു ഭോഷ്ക്ക് പറയുവാൻ സാധ്യമല്ല (എബ്രാ. 6:18), അതുകൊണ്ട് അവന്റെ ഉപദേശം സത്യമാണ്. യേശു വെളിപ്പെടുത്തിയ സത്യത്തിനു വിരുദ്ധമായ ഏത് ഉപദേശവും അസത്യമാണ് (1 യോഹ. 2:21), അതിന് യേശുവിന്റെ ആധികാരിക പിന്തുണയുമില്ല.

1:19 ൽ പറഞ്ഞ "സമ്പൂർണ്ണതയും" ഈ വാക്യത്തിൽ പറഞ്ഞതും ഒന്നായിരിക്കണമെന്നില്ല. ക്രിസ്തുവിൽ സർവ്വ സമ്പൂർണ്ണതയും "വസിപ്പാൻ" (*കാറ്റോയികെയോ*) എന്നാണ് അവിടെ പറഞ്ഞിരിക്കുന്നത്. 1:19-ൽ സൂചിപ്പിച്ച "വസിപ്പാൻ" എന്നത് എല്ലായ്പ്പോഴും ഉള്ളതായിട്ടല്ല കാണുന്നത്, എന്നാൽ ഒരു സമയത്ത് സംഭവിക്കയും ചെയ്യും. അവന്റെ അവതാരത്തിനു മുൻപ് അവനു മനുഷ്യരെ രക്ഷിപ്പാൻ കഴിഞ്ഞിരുന്നില്ല. ക്രൂശിലെ അവന്റെ മരണം മുഖാന്തരം പാപത്തിനുവേണ്ടിയുള്ള മതിയായ യാഗമാകുവാൻ കഴിഞ്ഞു (എബ്രാ. 5:8, 9). തന്റെ ജീവിതം, ഉപദേശം, മരണം എന്നിവ മൂലം മനുഷ്യരെ രക്ഷിപ്പാൻ അവൻ പൂർണ്ണനായി തീർന്നു. അത് സർവ്വ സമ്പൂർണ്ണതയും അവനിൽ വസിപ്പാൻ കാരണമായി.

യേശുവിൽ വസിക്കുന്ന "ദൈവത്തിന്റെ സർവ്വ സമ്പൂർണ്ണതയെ" ആണ് 2:9 ൽ പൗലൊസ് പറയുന്നത്. അവൻ ലോകത്തിലേക്ക് വന്നപ്പോൾ, സ്വർഗിയ ശരീരം വിട്ടിട്ടാണ് അവൻ ജഡശരീരമെടുത്തത്; എന്നാൽ ദൈവം എന്ന വ്യക്തിത്വത്തിനു മാറ്റം സംഭവിച്ചില്ല. പൗലൊസ് പറഞ്ഞു, "അവൻ ദൈവരുപത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചുകൊള്ളേണം എന്നു വിചാരിക്കാതെ ദാസരൂപമെടുത്തു മനുഷ്യവേഷത്തിലായി" (ഫിലി. 2:6, 7). ഭൗമിക വാസത്തിന് അവൻ മനുഷ്യ ശരീരം എടുത്തതുകൊണ്ട്, അവൻ ജഡത്തിൽ ദൈവമായിരുന്നു. അവൻ ഒരിക്കലും സ്വർഗിയ ശരീരത്തിലായിരുന്നില്ല, എന്നാൽ ദൈവം ഭൗമിക ശരീരത്തിലായിരുന്നു. ഒരിക്കലും അവൻ സ്വർഗിയ ശരീരത്തിലായിരുന്നപ്പോഴും ഭൗമിക ശരീരത്തിലായിരുന്നപ്പോഴും, ദൈവത്തിൽനിന്നു കുറഞ്ഞവനായിരുന്നില്ല.

"ദൈവം" (*തെയോറ്റെറ്റോസ്*, വരുന്നത് *തെയോറ്റെസി*ൽനിന്ന്), പുതിയ

നിയമത്തിൽ ഇവിടെ മാത്രമാണ് ആ വാക്ക് ഉള്ളത്. അതിനോട് അടുത്തു നിൽക്കുന്ന വിധത്തിൽ ചില തർജിമകളിൽ "ദൈവികത്വം" എന്നാണ് (കെജെവി; എൻകെജെവി). ദൈവത്തിന്റെ സർവ്വ സമ്പുർണ്ണതയും-ദൈവമായിരിക്കുന്നതും, ദൈവത്തിന്റെ എല്ലാ സ്വഭാവവിശേഷതകളും-യേശുവിൽ കാണാം. അവൻ പിതാവിനേക്കാളും, പരിശുദ്ധാത്മാവിനേക്കാളും, ഒട്ടും ഉയർന്നവനോ അല്ലെങ്കിൽ താഴ്ന്നവനോ അല്ല; മറിച്ച്, "ദൈവം" എന്ന വാക്കിൽ എന്തെല്ലാം പ്രകടമാക്കുന്നുണ്ടോ, അതെല്ലാം യേശുവിൽ ഉൾപ്പെട്ടിരിക്കുന്നു. ഈ ആശയം എബ്രായർ 1:3 ലും കാണാം: "അവൻ അവന്റെ തേജസിന്റെ പ്രഭയും തത്വത്തിന്റെ മുദ്രയും ആകുന്നു."

ഇവിടെ ഉപയോഗിച്ച *തെയോറ്റെസും* റോമർ 1:20-ൽ ഉപയോഗിച്ച *തെയോറ്റെസും* തമ്മിൽ പ്രധാനപ്പെട്ട വ്യത്യാസം ഉണ്ടെന്നു തോന്നുന്നു. ഹെർബർട്ട് എം. കഴ്സൺ വിശദമാക്കി,

> അതുകൊണ്ട്, [റോമ. 1:20] ൽ പൗലൊസ് പറയുന്ന പ്രകൃതിയുടെ മഹത്വം ദൈവത്തിന്റെ തേജസും ശക്തിയുമാണ് വർണ്ണിക്കുന്നത് എന്നാണ്. എങ്കിലും ദൈവം ക്രിസ്തുവിൽ വെളിപ്പെടുത്തിയ ഒരു വ്യക്തിയായിട്ടല്ല പ്രകൃതി പറയുന്നത്. എന്നാൽ ഇവിടെ [കൊലൊ. 2:9] ൽ ക്രിസ്തുവിൽ വെളിപ്പെടുത്തിയ ദൈവസ്വഭാവത്തെ കുറിച്ചു മാത്രമല്ല, പറയുവാൻ ആഗ്രഹിച്ചത്. മറിച്ച് ക്രിസ്തുവിൽ ദൈവത്തിന്റെ സത്തതന്നെയാണ് വസിക്കുന്നത്, അതുകൊണ്ട്, ദൈവികത്വത്തിനു ആവശ്യമായ *തെയോറ്റെസ്* ആണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്.[8]

ക്രിസ്തുവിൽ സർവ്വ സമ്പൂർണ്ണതയും **വസിക്കുന്നു** (*കാറ്റായിക്കെയോ*) എന്നു പറഞ്ഞശേഷം, പൗലൊസ് സൂചിപ്പിച്ചത് ആ സമ്പൂർണ്ണത ഭൂതകാലത്തിലും, വർത്തമാനകാലത്തിലും, ഭാവികാലത്തിലും തുടരുന്ന യാഥാർത്ഥ്യമായിട്ടാണ്. ഭൂമിയിൽ നടന്ന അതേ യേശു ഇപ്പോൾ ദൈവത്തിന്റെ സർവ്വ സമ്പൂർണ്ണതയോടുകൂടെ സ്വർഗത്തിലാണ്. ആത്മാവ്/എയോൺ ക്രിസ്തു സ്നാനമേറ്റപ്പോൾ യേശുവിൽ വരികയും ക്രൂശിൽ മരിച്ചപ്പോൾ അവനെ വിട്ടുപോകയും ചെയ്തു എന്ന നോസ്റ്റിക്സുകാരുടെ പിൽക്കാലത്തെ ഉപദേശത്തെ ഖണ്ഡിക്കുവാൻ പര്യാപ്തമായതാണ് പൗലൊസിന്റെ പ്രസ്താവന.

യേശുവിൽ സർവ്വ സമ്പൂർണ്ണതയും എന്നു പറയുന്നതിനർത്ഥം, അവൻ സംസാരിച്ചപ്പോഴും ഉപദേശിച്ചപ്പോഴും, ദൈവമനസായിരുന്നു പ്രകടിപ്പിച്ചത്. അവൻ പറഞ്ഞു,

> ഞാൻ സ്വയമായി സംസാരിച്ചിട്ടില്ല; എന്നെ അയച്ച പിതാവ് തന്നെ ഞാൻ ഇന്നതു പറയേണം എന്നും ഇന്നതു സംസാരിക്കേണം എന്നും കൽപന തന്നിരിക്കുന്നു. അവന്റെ കൽപന നിത്യജീവൻ എന്നു ഞാൻ അറിയുന്നു; ആകയാൽ ഞാൻ സംസാരിക്കുന്നത് പിതാവ് എന്നോട് സംസാരിച്ചതുപോലെ തന്നെ സംസാരിക്കുന്നു. (യോഹ. 12:49, 50).

മനുഷ്യവർഗത്തിന് ആവശ്യമായതെല്ലാം ദൈവം യേശു മുഖാന്തരം വെളിപ്പെടുത്തി, അങ്ങനെ യേശു പൂർണ്ണ വെളിപ്പാടായി തീർന്നു (എബ്രാ. 1:1, 2).

സൃഷ്ടിക്കപ്പെട്ട പ്രപഞ്ചം-അതിന്റെ അതിയായ വലിപ്പവും

സ്വർഗീയ സൈന്യത്തിന്റെ ശക്തിയും, ഭൂമിയിലെ വിവിധ രൂപത്തിലുള്ള ജീവിതങ്ങളും-ദൈവമനസും ശക്തിയുമാണ് കാണിക്കുന്നത് (സങ്കീ. 19:1; റോമ. 1:20). എങ്ങനെയായാലും, യേശുവാണ് ദൈവത്തെ അറിയിച്ചത് (യോഹ. 1:18; 14:9). പ്രകൃതിക്കു പൂർണ്ണമായും ദൈവത്തെ വെളിപ്പെടുത്തുവാൻ കഴിയാതിരുന്നു, എന്നാൽ യേശുവിന് പിതാവിന്റെ സ്വഭാവം ഉണ്ടായിരുന്നതിനാൽ, പൂർണ്ണമായി വെളിപ്പെടുത്തുവാൻ അവനു കഴിഞ്ഞു.

**ദേഹരൂപത്തിൽ** എന്നു പൗലൊസ് പറഞ്ഞതിനാൽ, അവൻ സഭയെയാണ് ഉദ്ദേശിച്ചത് എന്നു ചിലർ തീർച്ചയാക്കി, കാരണം സഭയെ ക്രിസ്തുവിന്റെ ശരീരം (*സോണാ*) എന്നു വിളിച്ചിരിക്കുന്നു (1:18). ഇവിടെ പറയുന്ന അർത്ഥം അതായിരിക്കുവാൻ സാധ്യത കുറവാണ്. "ക്രിസ്തുവിന്റെ സമ്പൂർണ്ണതയാണ്" സഭ എന്നു പറഞ്ഞിട്ടുണ്ടെങ്കിലും, ദൈവത്തിന്റെ സമ്പൂർണ്ണത സഭയിൽ വസിക്കുന്നതായി പറയുന്നില്ല (എഫെ. 1:23). സഭയെയാണ് പൗലൊസ് ഉദ്ദേശിച്ചതെങ്കിൽ, അവൻ "ദേഹരൂപത്തിൽ" എന്നെഴുതാതെ "ശരീരത്തിൽ" എന്ന് എഴുതുമായിരുന്നു.

*സോണാ* 2:17 ൽ തർജിമ ചെയ്തിരിക്കുന്നത് "യാഥാർത്ഥ്യം" അല്ലെങ്കിൽ "സത്ത" ആണെന്ന് വേറെ ചിലർ വാദിക്കുന്നു. യേശുവിന്റെ ദൈവികാവിഷ്ക്കാരമാണ് അവൻ അവതരിപ്പിക്കുന്നതെന്നു തോന്നുന്നു. അത് ഭൗതികമായ അർത്ഥത്തിൽ ശരിയായിരിക്കാം. എന്നാൽ ദൈവം ആത്മാവാണ് (യോഹ. 4:24), അതായത് ഭൗതിക സത്ത കൂടാതെ എന്നർത്ഥം. ദൈവം ആരാണോ അതെല്ലാമാണ് യേശു എന്ന് അവന്റെ സ്വഭാവം തെളിയിക്കുന്നതായിട്ടായിരിക്കാം പൗലൊസ് പറയുന്നത്. ദൈവത്തിന്റെ എല്ലാ യാഥാർത്ഥ്യവും അവനിൽ മുഴുവനായുമുണ്ട് (എബ്രാ. 1:3).

---

കുറിപ്പുകൾ

[1]*ബ്ലെപെറ്റെ* മുന്നറിയിപ്പ് വാക്കായി ഉപയോഗിക്കാം (നോക്കുക, മത്താ. 24:4; മർ. 4:24; 8:15; 12:38; 13:5, 9, 23, 33; പ്രവൃ. 13:40; ഗലാ. 5:15; ഫിലി. 3:2; എബ്രാ. 3:12). [2]വാൾട്ടർ ബാവർ, *ഏ ഗ്രീക്ക്-ഇംഗ്ലീഷ് ലെക്സിക്കൻ ഓഫ് ദ ന്യൂ ടെസ്റ്റമെന്റ് ആന്റ് അദർ ഏർലി ക്രിസ്റ്റ്യൻ ലിറ്ററേച്ചർ*, 3ഡ് എഡി., ഫ്രെഡറിക് വില്യം ഡാങ്കർ (ഷിക്കാഗോ: യൂണിവേഴ്സിറ്റി ഓഫ് ഷിക്കാഗോ പ്രസ്, 2000), 955. [3]ഏ. ടി. റോബർട്ട്സൺ, *പേ ാൾ ആന്റ് ദ ഇന്റെലെക്ചൽസ്: ദ എപ്പിസ്റ്റിൽ ടു ദ കൊലൊഷ്യൻസ്*, റെവ. ആന്റ് എഡി.ഡബ്ലിയു. സി. സ്ട്രിക്‌ലാന്റ് (നാഷിലേ: ബ്രോഡ്മാൻ പ്രസ്, 1959), 77. [4]ക്ലെമെന്റ് ഓഫ് അലെസ്സാണ്ഡ്രിയ *സ്ട്രോമാറ്റാ*. 1.1; 6.8. [5]ഫിലോ ദ *പോസ്റ്റെരിറ്റി ആന്റ് എക്സൈൽ ഓഫ് കയീൻ* 101. [6]"വഞ്ചന" എന്നതിന്റെ ഗ്രീക്ക് വാക്ക് തർജിമ ചെയ്തിരിക്കുന്നത് മത്തായി 13:22 ലും; മർക്കൊസ് 4:19 ലും; എഫെസ്യർ 4:22 ലും; 2 തെസ്സലൊനിക്യർ 2:10 ലും; എബ്രായർ 3:13 ലും; 2 പത്രൊസ് 2:13 ലും കാണാം. [7]ഡേവിഡ് എം. ഹേ, *കൊലൊഷ്യൻസ്,* അബിങ്ഡൺ ന്യു ടെസ്റ്റമെന്റ് കമെന്ററീസ് (നാഷിലേ: അബിങ്ഡൺ പ്രസ്, 2000), 87-88. [8]ഹെർബർട്ട് എം. കഴ്സൺ, *ദ എപ്പിസ്റ്റിൽസ് ഓഫ് പോൾ ടു ദ കൊലൊഷ്യൻസ് ആന്റ് ഫിലെമോൻ: ആൻ ഇൻട്രോഡക്ഷൻ ഓഫ് കമെന്ററി*, ദ ടിൻഡേൽ ന്യു ടെസ്റ്റമെന്റ് കമെന്ററീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1960), 63-64.